ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പത്തിനപരിപാടിയിൽ ഉൾപ്പെടുന്ന വിവര സാക്ഷരതാ ക്യാമ്പയിൻ ആണ് സത്യമേവ ജയതേ. വ്യാജവാർത്തകൾക്കെതിരായ ബോധവൽക്കരണ പ്രവർത്തനമാണിത്. വ്യജവാർത്തകൾ ഇന്ന് പുരോഗതിക്കും ലോകസമാധാനത്തിനും ഭീഷണിയാണ്. നമ്മുടെ സാമൂഹ്യജീവിതത്തെയും സമ്പദ്ഘടനയുടെ സുസ്ഥിരതയെയും വ്യക്തികളുടെ അന്തസിനെയും ഏതോ കുബുദ്ധികൾ പടച്ചുവിടുന്ന വ്യാജവാർത്തകൾക്ക് നശിപ്പിക്കാൻ സാധിക്കും. ലോകമെങ്ങും ഇതിനെതിരായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ് 2021 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത് മരിയാ റീസ എന്ന മാധ്യമപ്രവർത്തകയ്ക്കാണ്. വ്യാജവാർത്തകൾക്കെതിരെ അവർ നടത്തിയ പോരാട്ടമാണ് മരിയയെ ഈ സമ്മാനത്തിനർഹയാക്കിയത്. വ്യാജവാർത്തകളെ ലോകം എത്രഗൗരവത്തോടുകൂടിയാണ് കാണുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ.

സത്യമേവ ജയതേ പരിപാടിയുടെ സന്ദേശം പുതിയ തലമുറയിൽ എത്തിക്കാനും അവരെ വ്യാജവാർത്തകൾക്കെതിരായി ജാഗരൂകരാക്കാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. അതാണ് ഈ പരിപാടിയിലൂടെ നാം നടപ്പാക്കുന്നത്.